# Telephone conversation between PM and President of Brazil

April 04, 2020

## പ്രധാനമന്ത്രിയും ബ്രസീൽ പ്രസിഡന്റും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

ഏപ്രിൽ 04, 2020

ബ്രസീൽ പ്രസിഡണ്ട് ജെയിൻ മെസ്സിയാസ് ബോൾസോനാരോയുമായി പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി ടെലിഫോൺ സംഭാഷണം നടത്തി. കോവിഡ്-19 പകർച്ചവ്യാധിയുടെ ആരംഭം മൂലമുള്ള ആഗോള സാഹചര്യത്തെ രണ്ടു നേതാക്കളും ചർച്ച ചെയ്യുകയുണ്ടായി. കോവിഡ്-19 മൂലമുണ്ടായ ജീവനഷ്ടത്തിന് പ്രധാനമന്ത്രി അനുശോചനം അറിയിച്ചു. ഈ സമയത്ത് ഓരോ ഇന്ത്യക്കാരന്റെയും പ്രാർത്ഥനകൾ ബ്രസീലിലെ ജനങ്ങൾക്കൊപ്പമാണെന്ന് അദ്ദേഹം പറഞ്ഞു.

കോവിഡ്-19 പ്രതിസന്ധിയെ തടയുന്നതിനായി ഇന്ത്യയും ബ്രസീലും ഉഭയകക്ഷി തലത്തിലുള്ളതും വിവിധ മേഖലകളിൽ രൂപഘടനയുള്ളതുമായ സഹകരണത്തിന്റെ പ്രധാന്യം ഇരു നേതാക്കളും ഊന്നി പറഞ്ഞു.കോവിഡിന് ശേഷമുള്ള ലോകത്തിനായി മാനവിക കേന്ദ്രീകൃതമായ ആഗോളീകരണ ആശയം പ്രവർത്തികമാക്കണമെന്നും അവർ സമ്മതിച്ചു.

ഈ പ്രതിസന്ധി സമയത്തിൽ പ്രധാനമന്ത്രി എല്ലാ പിന്തുണയും ബ്രസീൽ പ്രസിഡന്റിന് വാഗ്ദാനം ചെയ്തു. കോവിഡ്-19 സാഹചര്യങ്ങളെയും അതിൽ നിന്നും ഉയർന്നു വരുന്ന വെല്ലുവിളികളെയും സംബന്ധിച്ച് വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിന് തങ്ങളുടെ ഉദ്യോഗസ്ഥർ സ്ഥിരമായി സമ്പർക്കത്തിൽ ഉണ്ടാകുന്നതാണെന്ന് അവർ സമ്മതിച്ചു.

ഈ വർഷത്തെ ഇന്ത്യയിലെ 70 മത് റിപ്പബ്ലിക് ദിന ആഘോഷങ്ങൾക്ക് പ്രധാന അതിഥിയായെത്തിയത് സ്മരിച്ചു കൊണ്ട് വളർന്നുകൊണ്ടിരിക്കുന്ന ഇന്ത്യ ബ്രസീൽ സൗഹൃദത്തിൽ പ്രധാനമന്ത്രി ആഹ്ലാദം പ്രകടിപ്പിച്ചു.കഴിഞ്ഞ വർഷത്തെ BRICS ലെ നേതൃത്വത്തിനും അദ്ദേഹം ബ്രസീലിനോട് നന്ദി പറഞ്ഞു.

**ന്യൂ ഡൽഹി**
**04 ഏപ്രിൽ, 2020**

**DISCLAIMER : This is an approximate translation. The original is available in English on MEA's website and may be referred to as the official press release.**